# ഭിന്നശേഷി ഐക്യദാർഢ്യ ഞായർ

**ചിന്താവിഷയം: -** അദൃശ്യ വൈകല്യം: അജ്ഞാത സമൂഹ സാധ്യതകളുടെ പ്രകാശനം

---

## വായന ഭാഗങ്ങൾ:

ഇയ്യോബ് 17: 1-16

ലൂക്കോസ് 8: 43-48

2 കൊരിന്ത്യർ 12: 1-10

സങ്കീർത്തനം 139: 7-15

**<u>അപേക്ഷ</u>**

ഞങ്ങളുടെ എല്ലാ വൈകല്യങ്ങളോടും കൂടി ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങളുടെ സ്വന്തം വഴികളിൽ ഞങ്ങളെ പരിപൂർണ്ണരാക്കുകയും ചെയ്യുന്ന ദൈവമേ,

ഏവർക്കും പ്രവേശനയോഗ്യമായ പൂന്തോട്ടങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്ന പൂന്തോട്ടത്തിന്റെ കാര്യസ്ഥന്മാരായി ഞങ്ങളെ വിശ്വസിച്ചേൽപ്പിച്ചതിന് നന്ദി. ഞങ്ങളുടെ അത്യാർത്തി മൂലം അപ്രാപ്യമായ കെട്ടിടങ്ങൾ, സാങ്കേതികവിദ്യകൾ, കണ്ടുപിടുത്തങ്ങൾ, എന്നിവയിലൂടെ അങ്ങയുടെ അത്ഭുതകരമായ പൂന്തോട്ടം നശിപ്പിച്ചതായി ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെ കഴിവുകളും - നിയമപരമായ സ്വാധീനവും അപക്വമായ മാനസികാവസ്ഥ ഉപയോഗിച്ച് അങ്ങയുടെ സൃഷ്ടിയുടെ ഉദ്ദേശ്യം ഞങ്ങൾ അവഗണിച്ചു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ തകർന്ന മുറിവുകളേക്കാൾ അത്ഭുതകരമായ അടയാളങ്ങൾ നാം വഹിക്കുന്നു. അങ്ങയുടെ എല്ലാ സൃഷ്ടികളിലെയും അദൃശ്യമായ വൈകല്യത്തെ വീണ്ടും വീക്ഷിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനുമുള്ള ഞങ്ങളുടെ മാനസികാവസ്ഥയെ പുനർനിർമ്മിക്കാൻ ഞങ്ങളെ സഹായിക്ക.

## മദ്ധ്യസ്ഥ പ്രാർത്ഥന

1. കരുണയുള്ള ദൈവമേ, ഞങ്ങളുടെ രക്ഷിതാവേ, ഭിന്നശേഷി ഐക്യദാർഢ്യ ഞായറായി കൊണ്ടാടുന്ന ഇന്നേ ദിവസം, ഞങ്ങളുടെ ചുറ്റുപാടും വൈകല്യം അനുഭവിക്കുന്ന ഏവരെയും, പ്രത്യേകമായി പൊതു ഇടങ്ങളിൽ അദൃശ്യരായി കഴിയേണ്ടി വരുന്ന പ്രിയപ്പെട്ടവരെയും ഞങ്ങൾ ഓർക്കുന്നു. ഇപ്രകാരം വൈവിധ്യങ്ങളാലും വ്യത്യസ്തതകളാലും സമ്പൂർണ്ണമായിരിക്കുന്ന ഏവരെയും ഞങ്ങൾ സ്നേഹപൂർവ്വം ചേർത്തുകൊള്ളുവാൻ ഞങ്ങളെ ഇടയാക്കേണമേ

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

2. സ്നേഹവാനാം ദൈവമേ, പ്രത്യക്ഷമായും പരോക്ഷമായും വൈകല്യങ്ങൾ അതിജീവിക്കുന്നവരോടും, അവരുടെ ആവശ്യങ്ങളോടും ചേതനയുള്ളവരായിരിപ്പാൻ ഞങ്ങളെ ഇടയാക്കേണമേ. അവരെയും ഞങ്ങളുടെ സൗഹൃദ വലയത്തോട് ചേർത്ത്, അവരോടൊപ്പം നടക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

3. എ. ഡി. എച്ച്. ഡി (ADHD), വിഷാദരോഗം, ഉത്കണ്ഠ, പി. റ്റി, എസ്. ഡി (PTSD), സ്കിസോഫ്രീനിയ, ഫോബിയ മുതലായ മാനസിക അസ്വാസ്ഥ്യങ്ങളാൽ വ്യാകുലപ്പെടുന്നവർക്ക് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ ബലഹീനതകളിൽ അവർക്ക് താങ്ങായി, നിൻറെ സ്നേഹ സാമീപ്യത്താൽ അവർക്ക് ആത്മവിശ്വാസം നൽകേണമേ. അവരുടെ വേദനകളെ തൊട്ടറിയുവാൻ ഞങ്ങളെയും പ്രാപ്തരാക്കേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

4. ഫൈബോമായാൽജിയ(Fibomyalgia), ആർത്രൈറ്റിസ് (Arthritis), സന്ധിരോഗങ്ങൾ, ശാരീരിക ക്ഷതങ്ങൾ മുതലായ സാഹചര്യങ്ങളാൽ കഠിന വേദന അനുഭവിക്കുന്നവർക്ക് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവെ, അവരുടെ വ്യഥകളെയും ആകുലതകളെയും അകറ്റി, നിൻറെ കൃപയുടെ നിഴലിൽ അവരെ പരിപാലിക്കേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

5. Dyslexia പോലുള്ള പഠന വെല്ലുവിളികളാൽ ചുറ്റുപാടിനെ വ്യത്യസ്തമായി മനസ്സിലാക്കുകയും, നോക്കിക്കാണുകയും ചെയ്യുന്നവർക്ക് വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അവരുടെ വൈവിധ്യമായ താലന്തുകളെ കണ്ടെത്തി, അവരെ പ്രോത്സാഹിപ്പിക്കാൻ ഞങ്ങളെ സഹായിക്കേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

6. ക്രോൺസ് ഡിസീസ് (Crohn's Disease), ലൈം ഡിസീസ് (Lyme Disease), ലൂപ്പസ് (Lupus), മൾട്ടിപ്പിൾ സ്ക്ലറോസിസ് (Multiple Sclerosis) മുതലായ സ്വയം പ്രതിരോധ അവസ്ഥകളാൽ ഭാരപ്പെടുന്നവർക്ക് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഭയവും, നിരാശയും, ആകുലതയും അവരുടെ ഉള്ളിൽ നിന്ന് അകറ്റി, നിൻറെ സ്നേഹത്താൽ അവരെ സാന്ത്വനപ്പെടുത്തുകയും, അവരുടെ ശരീരാത്മ ദേഹികളെ ബലപ്പെടുത്തുകയും ചെയ്യേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

7. പ്രമേഹം, ഹൃദ്രോഗങ്ങൾ, വൃക്ക സംബന്ധമായ രോഗങ്ങൾ, അമിത രക്ത-സമ്മർദ്ദം, പ്രായാധിക്യം മൂലമുള്ള ബലഹീനതകൾ, മുതലായ ശാരീരിക അവസ്ഥകളാൽ ഭാരപ്പെടുന്നവർക്ക് വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അവരുടെ ആരോഗ്യ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിതം മുന്നോട്ട് നയിക്കുവാൻ അവരെ പ്രാപ്തരാക്കേണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

8. സ്വർഗ്ഗീയ രക്ഷിതാവേ, പരോക്ഷമായ വൈകല്യങ്ങളാൽ വ്യാകുലപ്പെടുന്നവരെ അവഗണിച്ചതും, അവരെ ഞങ്ങളുടെ പ്രാർത്ഥനകളുടെ ഭാഗമാക്കാതെ പോയതുമായ ഞങ്ങളുടെ കുറവുകളെ ഞങ്ങളോട് ക്ഷമിക്കേണമേ. അവർക്ക് സഹായ ഹസ്തങ്ങളാകുവാനും, അവരെ പിന്താങ്ങുവാനും ഞങ്ങളെ പ്രാപ്തരാക്കേണമേ. മനുഷ്യൻറെ പ്രഭാവത്തെയും നിൻറെ മഹത്വത്തെയും ഹനിക്കുന്ന എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യുവാൻ തക്കതായ മനോഭാവം ഞങ്ങളിൽ നൽകണമേ.

**കൃപാലുവാം ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

9. സമൂഹത്തിൻറെ നാനാത്വത്തിനായും, ഓരോ മനുഷ്യൻറെയും വ്യത്യസ്തതയ്ക്കായും ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. നിൻറെ ഹിതത്താൽ ഞങ്ങളെ നീ തിരഞ്ഞെടുത്തു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പരസ്പര ബഹുമാനത്തോടെ ക്രിസ്തുവിൻറെ ശരീരമായ ഏക സഭയായി ഒരുമിച്ച് വളരുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

**നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിൻറെ നാമത്തിൽ തന്നെ... ആമേൻ.**

**ആശീർവാദം**

തന്റെ മനുഷ്യാവതാരത്താൽ അദൃശ്യമായതിനെ ദൃശ്യമാക്കിയ സർവശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ജീർണ്ണതകളിൽ സമൃദ്ധമായ സ്നേഹാനുഭാവം സാധ്യമാക്കുന്ന പുത്രൻ നമ്മെ കാക്കട്ടെ.

അനാദി നാളമായി നിരന്തരം നമ്മോടൊപ്പം പ്രയാണം ചെയ്യുന്ന ആത്മാവിൻറെ ചൈതന്യം നമ്മെ പരിപാലിക്കട്ടെ ... **ആമേൻ**